ശ്രീ. പി. കെ. ശങ്കരൻകുട്ടി: നാഷണൽ ഹൈവേയുടെ മെയിൻറനൻസും വളവുതീർക്കലും പാലംപണിയും ബൈപ്പാസ് നിർമ്മിക്കലും എല്ലാം പ്രത്യേകം പണിയായി കാണാതെ നാഷണൽഹൈവേയുടെ പൊതുവായ സമഗ്രവികസനത്തിനുവേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് സെൻട്രൽ റോഡ്സ് ഫണ്ടിൽനിന്ന് പണം വാങ്ങിക്കുന്നതിനുവേണ്ടി ശ്രമിക്കുമോ? ഒരു സമഗ്രപദ്ധതിയായിട്ട് പണം അലോട്ട് ചെയ്തു പ്രവർത്തനം ഏറ്റെടുക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: നാഷണൽഹൈവേയുടേതായാലും സെൻട്രൽ റോഡ്സ് ഫണ്ടിൽപെട്ടപണികൾക്കായാലും കേന്ദ്രഗവൺമെൻറിൽ അവരുടേതായ വർക്ക്ഷെഡ്യൂളിൽ പ്രത്യേകം പ്രവർത്തി എടുത്തുകാണിച്ച് അതിനു തുക നീക്കിവയ്ക്കുന്നതാണ്. നാഷണൽഹൈവേ പദ്ധതിയിൽ ഇന്നറോഡ് ഇത്ര കിലോമീറ്ററെന്നും ഇന്ന പാലമെന്നും ഇന്ന പാലത്തിൻറെ അപ്രോച്ച്റോഡെന്നും പ്രത്യേകമായി ചൂണ്ടിക്കാണിച്ച് വകയിരുത്താനേ കഴിയുകയുള്ളൂ.

ശ്രീ. കെ. സി. വാമദേവൻ: നാഷണൽഹൈവേയുടെ ഭാഗമായ തിരുവനന്തപുരം ബൈപ്പാസിനുവേണ്ടിയുള്ള ഭൂമിയെടുക്കൽ നടപടി സ്റ്റാഫിൻറെ അപര്യാപ്തതകൊണ്ട് കാലതാമസപ്പെടുന്നുവെന്ന പരാതിയുണ്ട്. ഈ നടപടി അടിയന്തിരമായി നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: സ്റ്റാഫിൻറെ അപര്യാപ്തതയെപ്പറ്റി പരാതികൾ എന്നും ലഭിക്കാറുണ്ട്. ഒരുകാലത്തും ആ പരാതികൾക്ക് പൂർണ്ണമായും പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് തോന്നുന്നില്ല. നാമെല്ലാം മൽസരിച്ച് മൽസരിച്ച് സ്റ്റാഫിൻറെ കാര്യത്തിൽ അപര്യാപ്തതയുണ്ടാക്കുന്നവരാണ്.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ടമന്ത്രി വളപട്ടണം പാലത്തിൻറെ പണി ഒരുവർഷംകൊണ്ട് പൂർത്തിയാകുമെന്നും ആ കാര്യത്തിൽ സജീവമായി ശ്രദ്ധിക്കുന്ന എൻജിനീയർമാരെ അഭിനന്ദിക്കുന്നുവെന്നുമൊക്കെ പറഞ്ഞു. പക്ഷെ ആ പാലം പൂർത്തിയാക്കിയാലും ചിറയ്ക്കൽഭാഗത്തുനിന്നുള്ള അപ്രോച്ച്റോഡ് പൂർത്തിയാക്കാത്തതുമൂലം മറവിൽതിരിവ് ഉണ്ടാകുമെന്നുള്ളകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ആ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: ചിറയ്ക്കൽ പാലത്തിൻറെ വളവിനെപ്പറ്റി എനിക്ക് വ്യക്തമായി അറിയില്ല. അതേപ്പറ്റി അന്വേഷിച്ചതിനുശേഷം മറുപടി പറയാം.

(ചോദ്യം 49 ചോദിച്ചില്ല)

ബാംബു കോർപ്പറേഷൻ തൊഴിലാളികളുടെ സമരം

* 46 [50] ശ്രീ. ടി. കെ. രാമകൃഷ്ണൻ:

,, എ. പി. കുര്യൻ:

,, എം. വി. രാഘവൻ:

,, ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വേന നിർമ്മാണവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബു കോർപ്പറേഷൻറെ കീഴിൽ പണിയെടുക്കുന്ന ഈറ്റവെട്ട്-പനമ്പുനെയ്ത്ത് തൊഴിലാളികളുടെ സമരം അവസാനിപ്പിക്കുവാൻ ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിലാളികളും ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളും എന്തൊക്കെയാണ് ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി (ശ്രീ. എം. കെ. രാഘവൻ): (എ) പനമ്പ് നെയ്യുന്ന തൊഴിലാളികളും ഈറ്റവെട്ടുന്ന തൊഴിലാളികളും ബാംബുകോർപ്പറേഷനുമായി ഉണ്ടായ തർക്കം പറഞ്ഞ് അവസാനിപ്പിക്കുകയാണുണ്ടായത്. ഇവരെ യോജിപ്പിലെത്തിക്കുന്നതിനായി വ്യവസായ മന്ത്രിയും തൊഴിൽ മന്ത്രിയും എറണാകുളം കളക്ടറും ഈകാര്യത്തിൽ ഇടപെട്ട് ഒത്തുതീർപ്പിന് ശ്രമിക്കുകയുണ്ടായിട്ടുണ്ട്. കൂടാതെ പ്രൊഡക്ഷൻ ഇൻസെന്റീവ് കൊടുക്കുന്നതിന് ബാംബുകോർപ്പറേഷന് ഗവൺമെന്റ് അഞ്ച് ലക്ഷം രൂപ കടം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രൊഡക്ഷൻ ബോണസ്, പനമ്പിന്റെ വിലവർദ്ധനവ് മുതലായവയായിരുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഒന്നരലക്ഷത്തിലധികം പേർക്ക് തൊഴിൽനൽകുന്ന സ്ഥാപനമാണിത്. ഈ സ്ഥാപനത്തിന് തുച്ഛമായ മുപ്പത് ലക്ഷം രൂപയാണ് ഗവൺമെന്റ് നൽകിയിട്ടുള്ള മൂലധനം, ആ മൂലധനം വർദ്ധിപ്പിച്ച് കൂടുതൽ തൊഴിൽസാധ്യത നിലനിർത്താനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. കെ. രാഘവൻ: ബാംബുകോർപ്പറേഷനാണ് അതിന് മുൻകൈ എടുക്കേണ്ടത്. ഇപ്പോൾ അവിടെ തൊഴിലാളി തൊഴിലുടമാബന്ധമില്ല. അത് ഉണ്ടാക്കിയെടുത്തതിനുശേഷം മാത്രമേ ആലോചിക്കാനൊക്കുകയുള്ളു.

ശ്രീ. എ. പി. കുര്യൻ: സമരം നടന്ന സമയത്ത് നിരവധി കൂടിയാലോചനകളും നടന്നു. പനമ്പു നെയ്ത്തിനാവശ്യമായ ഈറ്റ മലയിൽനിന്ന് വെട്ടിയെടുക്കുന്നതിനുള്ള സീനിയറേജ് ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്നും ഈ വ്യവസായത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് പനമ്പ് വിൽപനയിൽനിന്ന് ഈടാക്കുന്ന സെയിൽസ്ടാക്സ് കോർപ്പറേഷനുതന്നെ തിരിച്ച് കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്നും യൂണിയന്റെ പ്രതിനിധികളുമായി നടത്തിയ സംഭാഷണത്തിൽ മുഖ്യമന്ത്രിതന്നെ പറയുകയുണ്ടായി. അതുസംബന്ധിച്ച് ഗവൺമെന്റ് പിന്നീട് വല്ലതും പരിഗണിച്ചോ ? എന്തെങ്കിലും തീരുമാനമെടുത്തോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എം. കെ. രാഘവൻ: അതെപ്പറ്റി ഇപ്പോൾ പറയാൻ പറ്റുകയില്ല; ആലോചിച്ചിട്ടേ പറയാൻ പറ്റുകയുള്ളു.

ശ്രീ. എ. പി. കുര്യൻ: നമ്മുടെ സംസ്ഥാനത്ത് അസംസ്കൃത പദാർത്ഥമായ ഈറ്റയുടെ ക്ഷാമം വളരെ ഗുരുതരമായിരിക്കുന്നു. 1980 ആകുമ്പോൾ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ വെള്ളൂരുള്ള ന്യൂസ്പ്രിന്റ് ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഈറ്റയുടെ ക്ഷാമം വളരെ ഗുരുതരമാകുമെന്നുള്ളത് പരിഗണിച്ച് ഈറ്റക്കാടുകൾ വച്ചുപിടിപ്പിക്കാനും റിസർവ്വ് ചെയ്യാനുംവേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: ഈറ്റക്കാടുകൾ വച്ചുപിടിപ്പിക്കുകയാണോ മറ്റു തരത്തിലുള്ള അസംസ്കൃതസാധനങ്ങൾ വച്ചുപിടിപ്പിക്കുകയാണോ ആദ്യമെന്ന് ആലോചിച്ചിട്ടേ പറയാൻ പറ്റുകയുള്ളു.

ശ്രീ. എ. പി. കുര്യൻ: ഒന്നര രണ്ടു ലക്ഷത്തോളം വരുന്ന പനമ്പു നെയ്യുന്ന തൊഴിലാളികളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമെന്നുള്ള നിലയ്ക്കാണ് ഇത് ഉന്നയിച്ചത്. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡു തന്നെ ശുപാർശചെയ്തിട്ടുള്ള ഒരു കാര്യമെന്നുള്ള നിലയ്ക്ക് ഗൗരവമായി പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

വ്യവസായവും വനവും വകുപ്പ്മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): മറ്റു പലതും വച്ചുപിടിപ്പിക്കുന്നതുപോലെ ഈറ്റ വച്ചുപിടിപ്പിക്കാൻ പറ്റിയതല്ല. ഈറ്റ വച്ചുപിടിപ്പിക്കാൻ പ്രയാസമുണ്ട്. ഈറ്റ സ്വാഭാവികമായി ഉണ്ടാകുന്ന സ്ഥലങ്ങൾ റിസർവ്വ് ചെയ്യണമെന്ന് ഗവൺമെന്റിന് ഉദ്ദേശമുണ്ട്. പക്ഷെ അതെല്ലാം കയ്യേറി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതിന് എല്ലാവരുടേയും സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളും അഴിമതികളും

* 47 [49] ശ്രീ. വി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകളും അഴിമതികളും നടന്നിട്ടുണ്ടെന്ന് ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ്മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി)

ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉള്ളതായി ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമക്കേടുകളേയും അഴിമതികളേയും പറ്റി മേൽ നടപടി സ്വീകരിക്കേണ്ടതു 1950-ലെ തിരു-കൊച്ചി ഹിന്ദുമതസ്ഥാപന ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഹൈക്കോടതിയാണ്.

ഹിൽ ഹൈവേയുടെ സർവേ

* 48 [51] ശ്രീ. ജി. പി. മംഗലത്തുമഠം:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:
,, ടി. എച്ച്. മുസ്തഫ:
,, പി. ജെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽഹൈവേയുടെ സർവേ പൂർത്തിയായോ;

LIBRARY ARCHIVES Kerala Legislative Assembly